**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 150** **22-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിങ്ങിൽ കേരളം ഇപ്പോൾ എത്രാം സ്ഥാനത്താണെന്ന് അറിയിക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) ഏറ്റവുമൊടുവിൽ 2019-ൽ പ്രസിദ്ധീകരിച്ച ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് (EODB) റാങ്കിംഗിൽ കേരളം 28-ാമത് സ്ഥാനത്താണ് കാണുന്നത്. |
| (ബി) | വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ നിന്ന് കേരളം പിന്നോക്കം പോയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) ആണ് രാജ്യത്തെ സംസ്ഥാനങ്ങളുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്ക് നിർണ്ണയിക്കുന്നത്. വ്യവസായ സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ട് പോകുന്നതിനും ആവശ്യമായ അനുമതികളും ലൈസൻസുകളും സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കുക, സംരംഭകർക്ക് വകുപ്പുകൾ നൽകുന്ന സേവനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ നൽകുക, ഓൺലൈൻ സംവിധാനങ്ങൾ നടപ്പിലാക്കുക, സംരംഭകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷകൾ സമർപ്പിക്കുന്നതിനും, ഫീസടക്കുന്നതിനും അനുമതികൾ ഡൗൺലോഡ് ചെയ്യുന്നതിനും വേണ്ട നിർദേശങ്ങൾ വകുപ്പുകളുടെ വെബ്സൈറ്റ് വഴി നൽകുക, നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ഭേദഗതികൾ കൊണ്ടുവരുക എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്കും സംരംഭകരുടെ ഇടയിൽ ഡി.പി.ഐ.ഐ.ടി. നടത്തുന്ന അഭിപ്രായ സർവേയുടെ അടിസ്ഥാനത്തിലുമാണ് ഓരോ സംസ്ഥാനത്തിന്റെയും സ്ഥാനം നിർണ്ണയിക്കുന്നത്. 2019 ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 187 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 157 |

ദൗത്യങ്ങൾ കേരളം പൂർത്തിയാക്കിയിട്ടുണ്ട്. ഇത് നിർബന്ധിത ദൗത്യത്തിന്റെ 85 ശതമാനം വരും. ഇതിനായി കഴിഞ്ഞ നാല് വർഷമായി, നിർദ്ദേശിച്ച പരിഷ്കാരങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും കേരളം സ്ഥിരവും ആസൂത്രിതവുമായ പുരോഗതി കൈവരിച്ചിരുന്നു. 2020 ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 301 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 47 ദൗത്യങ്ങൾ സംസ്ഥാനത്തിന് ബാധകമല്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 254 ദൗത്യങ്ങളിൽ 238 എണ്ണം പൂർത്തീകരിച്ച് ഡി.പി.ഐ.ഐ.ടി. ക്ക് തെളിവുകൾ സമർപ്പിച്ചിട്ടുണ്ട്. ഇത് നിർബന്ധിത ദൗത്യത്തിന്റെ 94 ശതമാനം വരും. മുൻ വർഷത്തേക്കാൾ ഏകദേശം 10 ശതമാനം പുരോഗതി ഇക്കാര്യത്തിൽ നേടാനായിട്ടുണ്ട്. ഡി.പി.ഐ.ഐ.ടി., സംസ്ഥാനം സമർപ്പിച്ച രേഖകളുടെ സൂക്ഷ്മപരിശോധന നടത്തി-ക്കൊണ്ടിരിക്കുകയാണ്. ഇതിനുശേഷം സംരംഭകരുടെ ഇടയിൽ നടത്തുന്ന അഭിപ്രായ സർവേയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ റാങ്കിങ് നിശ്ചയിക്കുന്നത്. എന്നാൽ റാങ്കിംഗ് നിഷ്കർഷിക്കുന്ന അളവുകോൽ നടപ്പിലാക്കാത്ത സംസ്ഥാനങ്ങൾക്ക് ഉയർന്ന റാങ്കിംഗ് നേടാനായിട്ടുണ്ട്. ഇത് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലെ അപാകതകളാണ് സൂചിപ്പിക്കുന്നത്. ഇക്കാര്യം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരവും ജനസംഖ്യാധിഷ്ഠിതവും പാരിസ്ഥിതികവുമായ ആവാസവ്യവസ്ഥയിൽ നിന്ന് വ്യത്യസ്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങളെ / കേന്ദ്ര ഭരണ പ്രദേശങ്ങളെ ഒറ്റ അളവ് കോൽ (single yardstick) ഉപയോഗിച്ച് BRAP നിർണ്ണയിക്കുന്നത് യുക്തിപരമല്ലയെന്ന് കാട്ടി സംസ്ഥാനം പല തവണ DPIIT യുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. താഴെ പറയുന്ന കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾ കൂടി റാങ്ക് നിർണ്ണയത്തിൽ പരിഗണിക്കപ്പെടേണ്ടതുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ വ്യാവസായികവൽക്കരണത്തിന്റെ വിവിധ തലങ്ങളിലാണ്. അതിനാൽ വ്യവസായവൽക്കരണത്തിൽ ശക്തമായ തുടക്കം കുറിച്ച സംസ്ഥാനങ്ങളെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുന്നതിൽ യുക്തിയില്ല. കേരളം ഒരു ചെറിയ സംസ്ഥാനമായ- തിനാലും, ജനസാന്ദ്രത കൂടിയതിനാലും വ്യാവസായിക /ബിസിനസ്

| | | | |
|---|---|---|---|
| | | | ആവശ്യങ്ങൾക്ക് അനുയോജ്യമായ ഭൂമിയുടെ ലഭ്യത പരിമിതമാണ് . കേരളം, ഒരു വശത്ത് വനമേഖല (പരിസ്ഥിതി ദുർബലവും ലോലവുമായ പ്രദേശങ്ങൾ), മറുവശത്ത് തീരദേശ മേഖലയുമാണ്. ഉയർന്ന റാങ്കിലുള്ള വലിയ സംസ്ഥാനങ്ങളുടെ നിലവാരം പരിഗണിക്കുന്ന അതേ മാനദണ്ഡം ഉപയോഗിച്ച് സംസ്ഥാനത്തെ വ്യവസായ പുരോഗതി അളക്കാൻ കഴിയില്ല. വ്യാവസായിക ആവശ്യങ്ങൾക്കായി തരംതിരിക്കാൻ കഴിയാത്ത, വിപുലമായ തണ്ണീർ തടങ്ങളും (wet land) നെൽകൃഷി സ്ഥലങ്ങളുടെയും (paddy land) അളവുകൾ റാങ്കിംഗിൽ കണക്കാക്കപ്പെട്ടിട്ടില്ല 30% ന് മുകളിൽ വലിയ വനമേഖലയുള്ള കേരളത്തിൽ വിപുലമായ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, സങ്കേതങ്ങൾ തുടങ്ങിയവയുണ്ട്. വലിയ ഭൂപ്രദേശങ്ങളുടെ ലഭ്യതയെ ഇത് പരിമിതപ്പെടുത്തുന്നു. ഇക്കാര്യങ്ങൾ റാങ്കിംഗ് നിർണ്ണയ വേളയിൽ പരിഗണിക്കപ്പെടേണ്ടതായിരുന്നു. സംസ്ഥാനം വളരെ നേട്ടങ്ങൾ കൈവരിച്ച പ്രധാന മേഖലകളായ ടൂറിസം, ഐടി, പ്ലാന്റേഷനുകൾ, ഭക്ഷ്യ സംസ്കരണം തുടങ്ങിയവയുടെ പുരോഗതികൾ പരാമീറ്ററുകളിൽ പരിഗണിച്ചിട്ടില്ല. ഏകജാലക സംവിധാനം വഴി സമയബന്ധിതമായി പല അനുമതികളും ലഭ്യമായിട്ടും അഭിപ്രായ സർവേകളിൽ വ്യകതികളും വ്യവസായികളും ഇവയെക്കുറിച്ച് വേണ്ടവിധം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാറില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വ്യവസായികളിൽ നിന്നും ശേഖരിക്കുന്ന അഭിപ്രായങ്ങൾ അഥവാ ഫീഡ്ബാക്ക് സർവേ EODB റാങ്കിംഗ് നിശ്ചയിക്കുന്നതിൽ നിർണ്ണായക ഘടകമാകുന്നു. ആയതിനാൽ ഇവ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (സി) | വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. വ്യവസായ രംഗത്തു കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനും ഉതകുന്ന വിവിധ നിയമ നിർമാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ |

പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ചു വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേകം നിയമനിർമ്മാണം തന്നെ നടത്തിയിട്ടുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ കാര്യക്ഷമമാക്കുവാനും നിക്ഷേപകർക്കുണ്ടാകുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരാതികളും ഓൺലൈനായി സമർപ്പിക്കുവാനും അവയ്ക്ക് സമയബന്ധിതമായി തീർപ്പുകൽപ്പിക്കാനും/പരിഹരിക്കുവാനുമായി സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി (Statutory Grievenace Redressal Committee)രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഏതെങ്കിലും നിയമപ്രശ്നത്തിൽ പ്രത്യേക പരിശോധന ആവശ്യമില്ലാത്ത കാര്യങ്ങളെല്ലാം തന്നെ, അപേക്ഷ സമർപ്പിച്ച് പരമാവധി വേഗത്തിൽ തീർപ്പു കല്പിക്കാനാണ് ഈ സംവിധാനം വഴി ഉദ്ദേശിക്കുന്നത്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങുവാൻ ആഗ്രഹിക്കുന്നവരുടെയും പരാതിയും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിന് മൂന്നംഗ

| | | | |
|---|---|---|---|
| | | | വിദഗ്ധ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ് വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ